(ബി) ടി സ്ഥാപനത്തിലെ തൊഴിലാളികൾക്ക് പൊതുമരാമത്ത് വകുപ്പിൽ ജോലി നൽകുവാനാണുദ്ദേശിക്കുന്നത്.

ഇലക്ട്രിസിറ്റി ബോർഡിലെ സേവന—വേതന കരാർ

* 175 [221] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ ഒ. ഭരതൻ:

ശ്രീ ടി.കെ. അറുമുഖൻ:

ശ്രീ ഇ. പത്മനാഭൻ:

ശ്രീ എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ പ്രാബല്യത്തിലിരുന്ന സേവന വേതന കരാറിന്റെ കാലാവധി അവസാനിച്ചിട്ട് എത്ര കാലമായി;

(ബി) പുതിയ കരാർ ഉണ്ടാക്കുന്നതു സംബന്ധിച്ച് ബോർഡിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ;

(സി) പുതിയ സേവന—വേതന കരാർ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) 25.11.1978 മുതൽ മൂന്നുവർഷത്തേക്കായിരുന്നു കാലാവധി. കരാറിൽ തന്നെ ഉഭയസമ്മതപ്രകാരം മാറ്റം വരുത്തുന്നതുവരെയോ ബോർഡോ യൂണിയനുകളോ രണ്ടു മാസത്തെ നോട്ടീസ് നൽകി അവസാനിപ്പിക്കുന്നതുവരേയോ വ്യവസ്ഥകൾ പ്രാബല്യത്തിലുണ്ടായിരിക്കുമെന്നും നിശ്ചയിച്ചിരുന്നു. ബോർഡ് നോട്ടീസ് നൽകി 5.4.1985 കൊണ്ട് കരാർ അവസാനിപ്പിച്ചു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനം

* 176 [222] ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ എ.കെ. ശശീന്ദ്രൻ:

ശ്രീ ടി.പി. പീതാംബരൻ മാസ്റ്റർ:

ശ്രീ എ.വി. താമരാക്ഷൻ:

ശ്രീ കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:.

LIBRARY ARCHIVES Kerala Legislative Assembly

(എ) കഴിഞ്ഞ മാസം കേന്ദ്ര ഗവൺമെൻറു വിളിച്ചു കൂട്ടിയ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ;

(ബി) ഈ സമ്മേളനത്തിൽ സംസ്ഥാന ഗവൺമെൻറ് വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) പുതിയ വിദ്യാഭ്യാസ നയത്തിൻെറ വിവിധ വശങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും അതിൻെറ വെളിച്ചത്തിൽ ദേശീയ തലത്തിൽ വിവിധ വേദികളിൽ ഇതു ചർച്ചചെയ്ത് ഒരു പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിനും വേണ്ടിയാണ് പ്രധാനമായും ഈ സമ്മേളനം വിളിച്ചു കൂട്ടിയത്. സമ്മേളനത്തിൻെറ തീരുമാനങ്ങളടങ്ങിയ നടപടി കുറിപ്പു ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) നിർദ്ദേശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

സംസ്കൃത യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി

* 177 [223] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സംസ്കൃത യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ചില നിർദ്ദേശങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വെള്ളപ്പൊക്കത്തിൽ നാഷണൽ ഹൈവേക്ക് വന്ന കേട്

* 178 [224] ശ്രീ. പി.കെ. കുഞ്ഞലിക്കുട്ടി:

" ഇ.ടി. മുഹമ്മദ് ബഷീർ:

" പി.കെ.കെ. ബാവ:

" പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ എത്ര കിലോമീറ്റർ നാഷണൽ ഹൈവേയ്ക്ക് കേടുവന്നു;

(ബി) കേടുവന്ന നാഷണൽ ഹൈവേ നന്നാക്കാൻ കേന്ദ്ര ഗവൺമെൻറ് എത്ര ലക്ഷം രൂപ മുൻകൂർ അനുവദിച്ചു;

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

DETAILS OF WORKS IN PROGRESS

		Amount of Contract (Rs in lakhs)
4.	Working Men's Hostel do.	6.33
5.	Office Building for Calicut University staff organisation	1.25
6.	Civil Station Block 'C" Calicut	33.00
7.	Working Women's Hostel, Civil Station Compound, Calicut	9.00
8.	Head Quarters Building for KIRTADS, Calicut	16.31
9.	Nurses Hostel—Dining Hall and Compound wall	4.50
XIV.	Nilambur Region	
1.	SADU works, Munderi	110.00
2.	Teak Museum, KFRI, Nilambur	5.00
3.	Type—I, Quarters, KFRI, Nilambur	10.65
4.	Duplex Type Qyarters, KFRI, Nilambur	1.49
XV.	Cannanore Region	
1.	Milk Chilling Plant, Mananthody	19.61
2.	Milk Chilling Plant, Meenangadi	19.61
3.	CDCC Bank, Cannanore, Additional Works	0.75
4.	Municipal Shopping Centre, Badagara	20.00
5.	Municipal comfort Station, Badagara	2.12

അനുബന്ധം III

18-9-1985-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ (222) കാണുക

ലിസ്റ്റ് I

ഉന്നത വിദ്യാഭ്യാസം

1. അനൗപചാരിക മാർഗ്ഗങ്ങളും മുഖാന്തിരമുള്ള ഉന്നത വിദ്യാഭ്യാസം ശക്തീകരിക്കണം. അതിലേയ്ക്കായി സംസ്ഥാന സർക്കാരുകളെ സഹായിക്കണം. ഓപ്പൺ യൂണിവേഴ്സിറ്റി സിസ്റ്റവും കറസ്പോണ്ടൻസ് സ്റ്റഡീസിനും വേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ചറൽ സൗകര്യങ്ങളുണ്ടാക്കുന്നതിനുവേണ്ടി യു.ജി.സി. മുഖാന്തിരം കൂടുതൽ ധന സഹായം നൽകണം.

2. രാജ്യത്ത് ഗവേഷണങ്ങൾക്ക് ഇപ്പോൾ നീക്കിവയ്ക്കുന്നതുകയിൽ 2 മുതൽ 3 വരെ ശതമാനം മാത്രമേ സർവ്വകലാശാലാ ഗവേഷണങ്ങൾക്ക് നീക്കിവയ്ക്കുന്നുള്ളു. ഇത് 10% മെങ്കിലുമായി ഉയർത്തണം.

3. പൊതുമേഖലയിലും സഹകാര്യമേഖലയിലുമുള്ള വ്യവസായങ്ങളും സർവ്വകലാശാലകളും തമ്മിൽ ഗവേഷണ കാര്യങ്ങളിൽ കൂടുതൽ സഹകരണത്തിന്റെ ആവശ്യകത വളരെയേറെയാണ്. അതിനാൽ സർവ്വകലാശാലകളുമായി സഹകരിച്ച് ഗവേഷണ പരിപാടികൾ എറ്റെടുക്കാൻ ബന്ധപ്പെട്ട മിനിസ്ട്രികൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

4. വളരെ പുരിമീയുമായ തുകകളുണ്ട്. ഇപ്പോൾ യു.ജി.സി. സംസ്ഥാന സർവ്വകലാശാലകൾക്കും അഫിലിയേറ്റഡ് കോളേജുകൾക്കും വേണ്ടി നീക്കിവച്ചിട്ടുള്ളത്. സംസ്ഥാന സർവ്വകലാശാലകളുടെയും അഫിലിയേറഡ് കോളേജുകളുടെയും കാര്യങ്ങളിൽ യു.ജി.സി. കൂടുതൽ ശ്രദ്ധ ചെലുത്തണം.

5. സർവ്വകലാശാല അദ്ധ്യാപകരുടെ യോഗ്യതകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇപ്പോൾ കോളേജ് അദ്ധ്യാപകർക്ക് മാത്രമായിട്ടുള്ള ഫാക്കൽട്ടി ഇപ്രൂവ്മെന്റ് പ്രോഗ്രാം സർവ്വകലാശാലാ അദ്ധ്യാപകർക്കു കൂടി വ്യാപിപ്പിക്കണം.

6. പ്രീഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലകളിൽ നിന്നു വേർപ്പെടുത്തുകയും വൊക്കേഷണലൈസേഷന് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യണം.

7. കോളേജ് പ്രവേശനത്തിന്

8. കായികാഭ്യാസവും മറ്റു പാഠ്യേതര പ്രവർത്തനങ്ങളും പ്രോൽസാഹിപ്പിക്കണം. സംസ്ഥാന സർക്കാർ ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ സഹകരണത്തോടെ സ്ഥാപിച്ചിട്ടുള്ള അതിന്റെ മേഖലാ സ്ഥാപനത്തിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സ് തുടങ്ങുന്നതിനും ഗവേഷണ പരിപാടികൾ ആരംഭിക്കുന്നതിനും കേന്ദ്ര സർക്കാർ പിൻതാങ്ങണം.

9. യു.ജി.സി.യും കേന്ദ്ര സർക്കാരും ഗാന്ധിജി സർവ്വകലാശാല അംഗീകാരം നൽകുന്നതിനുള്ള അവരുടെ നിലപാടു പുനഃപരിശോധിക്കുകയും മുന്നോട്ടുവച്ചിട്ടുള്ള എല്ലാ നിബന്ധനകളും അംഗീകരിക്കണമെന്ന നിലപാടിൽ ഉറച്ചു നിൽക്കാതെ ഗാന്ധിജി സർവ്വകലാശാലയ്ക്ക് ഏറ്റവും കൂടുതൽ സഹായം നൽകുകയും വേണം.

10. സർവ്വകലാശാലകളെ എങ്ങനെ രാഷ്ട്രീയ വിമുക്തമാക്കണമെന്ന കാര്യത്തെപ്പറ്റി യു.ജി.സി.യും സംസ്ഥാന സർക്കാരുകളും വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ മറ്റു ബന്ധപ്പെട്ടവർ എന്നിവരുമായി വളരെ വിശദമായി ചർച്ച നടത്തേണ്ടതാണ്.

ചിസ്റ്റ്

സാങ്കേതിക വിദ്യാഭ്യാസം

1. നിലവിലുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന സൂചനയും നേതൃത്വവും നൽകുന്നതിന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പോലെയുള്ള പുരോഗതി പ്രാപിച്ച ഒരു സാങ്കേതിക സ്ഥാപനം കേരളത്തിലില്ല. കേരളത്തിന് ഒരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ലഭിക്കേണ്ടതാണ്. കൂടാതെ കൊച്ചി സർവ്വകലാശാലയെ പുർക്കി സർവ്വകലാശാലപോലെ ഒരു കേന്ദ്ര സർവ്വകലാശാലയുടെ പദവിയിലേക്കുയർത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. ഭേദപ്പെട്ട ബിരുദധാരികളെ അദ്ധ്യാപന ജോലിയിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കായി രാഷ്ട്രീയ തലത്തിൽ ഒരു ഇൻഡ്യൻ എഡ്യുക്കേഷനൽ സർവ്വീസ്— ആരംഭിക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കേണ്ടതാണ്.

3. സാങ്കേതിക തലത്തിലുണ്ടാകുന്ന മാറ്റങ്ങൾ എളുപ്പത്തിൽ സ്വീകരിക്കുന്നതിന് സഹായിക്കുന്നതിനും ഫലപ്രദമായി ഭരണം നടത്തുന്നതിന് കഴിവുണ്ടാക്കുന്നതിനുമായി ഗവൺമെൻറ് തീരുമാനിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും സ്വതന്ത്ര പദവി നൽകുന്ന കാര്യം കേരള ഗവൺമെൻറ് ആലോചിച്ചുവരികയാണ്.

4. കുട്ടികളുടെ ഹോസ്റ്റലുകളും സ്റ്റാഫിന് വസതികളും ആവശ്യമുള്ളത്ര ഉണ്ടാക്കുന്നതിന് വേണ്ടത്ര തുക അനുവദിക്കേണ്ടതാണ്. ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെൻറ് ഗ്രാൻറും ലോണും നൽകിവന്നിരുന്ന പദ്ധതി പുനഃരാവിഷ്ക്കരിക്കേണ്ടതാണ്.

5. സാങ്കേതിക ജ്ഞാനം ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് പകർന്നു കൊടുക്കുന്നതിനും പ്രാദേശിക ജനസമൂഹത്തിന് പോളിടെക്നിക്കുമായി ഫലപ്രദമായ അന്യോന്യ സഹകരണത്തിനു ഉതകുന്നതിനും പോളിടെക്നിക്കുകളെ സാമൂഹ്യ പോളിടെക്നിക്കുകളായി നാമകരണം ചെയ്യേണ്ടതാണ്.

6. ദർബല മേഖലകളിൽ അധിക സൗകര്യങ്ങൾ നൽകുന്നതിനും ലബോറട്ടറികൾ ആധുനികവൽക്കരിക്കുന്നതിനും ആവശ്യമായ ധനം എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.

7. സാങ്കേതിക മാനുഷിക ശക്തി ഉപയോഗപ്പെടുത്തുന്നവരിൽ കരം ചുമത്തിയോ, ട്യൂഷൻ ഫീസ് വേണ്ട വിധത്തിൽ വർദ്ധിപ്പിച്ചോ സാങ്കേതിക വിദ്യാഭ്യാസത്തിന് ധനം സ്വരൂപിക്കേണ്ടതാണ്.

8. സംസ്ഥാനത്തിലുള്ള ഒരു എഞ്ചിനീയറിംഗ് കോളേജ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പോലെ എം. ടെക്. പി.എച്ച്.ഡി. എന്നിവയ്ക്കുള്ള കാളിറ്റി ഇമ്പ്രൂവ്മെൻറ് പ്രോഗ്രാം സെൻറർ ആയി അംഗീകരിക്കേണ്ടതാണ്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ഇതിന് വളരെ സൗകര്യപ്രദമാണ്. ഇത് ഈ സ്ഥാപനത്തിന്റെ പുരോഗതിയെ പല വിധത്തിലും സഹായിക്കുന്നതും റിസർച്ചു ജോലികൾ പുരോഗമിപ്പിക്കുന്നതിനും വളർത്തുന്നതിനും സഹായിക്കുന്നതുമാണ്.

9. ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്കു മാത്രമേ കാളിറ്റി ഇമ്പ്രൂവ്മെൻറ് പരിപാടി നിലവിലുള്ളു. പോളിടെക്നിക്ക് അദ്ധ്യാപകർക്കു കൂടി ഉന്നത വിദ്യാഭ്യാസത്തിനായി കാളിറ്റി ഇമ്പ്രൂവ്മെൻറ് പരിപാടി തുടങ്ങേണ്ടതാണ്.

10. ബാംഗ്ലൂരിലും അഹമ്മദാബാദിലുമുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറുപോലെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് കേരളത്തിലും കേന്ദ്രമേഖലയിൽ തുടങ്ങേണ്ടതാണ്. ഇതിനായുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. ഇതിൽ തീരുമാനം ത്വരിതപ്പെടുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly